"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഓണറേറിയം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2094/2020/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 06/11/2020

---

പരാമർശം:- 1 സ.ഉ(സാധാ) നം. 3845/2017/തസ്വഭവ തീയതി, 29.11.2017

2 സ.ഉ(സാധാ) നം. 4009/2017/തസ്വഭവ തീയതി, 12.12.2017

3 സ.ഉ(പി) 81/2019/ധന തീയതി, 09.7.2019

4 പഞ്ചായത്ത് ഡയറക്ടറുടെ 17.9.2020 ലെ PAN/11959/2019-J6(DP) നം. കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഓണറേറിയം 15,000/- രൂപയായി വർദ്ധിപ്പിച്ച് പരാമർശം (1),(2) പ്രകാരം ഉത്തരവായിരുന്നു. ടി വിഭാഗം ജീവനക്കാർ പഞ്ചായത്ത് പരിധിയിലെ കിടപ്പ് രോഗികൾ, ക്യാൻസർ രോഗികൾ, ഹൃദയസംബന്ധമായ രോഗികൾ, മറ്റ് ചികിൽസ ആവശ്യമുള്ള രോഗികൾ എന്നിവരെ വീട്ടിൽ എത്തി പരിചരിക്കുകയും അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകി വരികയും ചെയ്യുന്നതായും കോവിഡ് പടർന്ന് പിടിക്കുന്ന സമയങ്ങളിലും ടി വിഭാഗം ജീവനക്കാർ പാലിയേറ്റീവ് പരിചരണം നടത്തുന്നതുമായി ബന്ധപ്പെട്ട് പരാതികൾക്ക് ഇടവരാതെ പ്രവർത്തിച്ചവരാണെന്നും എന്നാൽ ടി ജീവനക്കാരുടെ ഓണറേറിയത്തിൽ 2017 ന് ശേഷം നാളിതുവരെ വേതന വർദ്ധനവ് വരുത്തിയിട്ടില്ലെന്നും സർക്കാരിന്റെ മറ്റ് വകുപ്പുകളിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം പരാമർശം (3) പ്രകാരം വർദ്ധിപ്പിച്ചതായും ടി ഉത്തരവിൽ ഏറ്റവും കുറഞ്ഞ കരാർ വേതനം 18030/- രൂപയാണെന്നും പ്രസ്തുത സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പാലിയേറ്റീവ് കെയർ നേഴ്സുമാരുടെ ഓണറേറിയവും കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പാലിയേറ്റീവ് കെയർ പ്രൊജക്ടിൽ നിന്നാണ് പാലിയേറ്റീവ് കെയർ നേഴ്സുമാർക്ക് ഓണറേറിയം നൽകുന്നത്. പാലിയേറ്റീവ് കെയർ നേഴ്സുമാർ കരാർ ജീവനക്കാരാണ്. ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം സംബന്ധിച്ച പരാമർശം (3) ലെ ഉത്തരവ് പ്രകാരം നഴ്സിങ് അസിസ്റ്റന്റ് ഉൾപ്പടെയുള്ള ജീവനക്കാരുടെ ഏറ്റവും കുറഞ്ഞ പ്രതിമാസ കരാർ വേതനം 18030/- രൂപയാണ്.

മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ പ്രതിമാസ ഓണറേറിയം 18030/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(നം. Dev-1/179/2017/Fin. തീയതി 05.11.2020 പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം ( തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/65/2020-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ